പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2779 14.02.2013 -ൽ മറുപടിക്ക്.

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (എ) ഡോ: എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി ചർച്ച ചെയ്യുകയും, വേതനവും, ഷിഫ്റ്റ് സമയവും ഒഴിച്ചുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലുടമാ പ്രതിനിധികളും തൊഴിലാളി സംഘടനാ പ്രതിനിധികളും തമ്മിൽ തർക്കം നിലനിൽക്കുന്ന വിഷയങ്ങളിൽ വ്യവസായബന്ധസമിതി ചർച്ച നടത്തി വരികയാണ്. വേതനം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക ചർച്ച സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ.